കാസർകോട് ജില്ലയിൽ മൃഗാശുപത്രികൾ

150 (1085) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ ;

(ബി) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ പുതുതായി രൂപീകരിച്ച പനത്തടി പഞ്ചായത്തിൽ മൃഗാശുപത്രി ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൃഗാശുപത്രി സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

151 (1086) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ആഗസ്റ്റ് 14-നുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം സഹകരണ സ്ഥാപനമായ മിൽമയിൽ (ടി.ആർ. സി.എം.പി.) പ്രസ്തുത കാലയളവിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തിരുന്ന വികലാംഗരായ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമോ ;

(സി) അസിസ്റ്റന്റുമാരായ വികലാംഗർക്ക് വീണ്ടും ടെസ്റ്റും ഇന്റർവ്യൂവും നടത്തി മാത്രമേ നിയമിക്കൂ എന്ന ബോർഡ് തീരുമാനം റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വികലാംഗർക്ക് നിയമനം നൽകാതെ വീണ്ടും ടെസ്റ്റും ഇന്റർവ്യൂവും നടത്തി പുതിയ ആൾക്കാരെ നിയമിക്കുവാനുള്ള ബോർഡിന്റെ നീക്കം റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ സ്വന്തമായ തീരുമാനമെടുക്കാമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നിരിക്കിലും ടി.ആർ. സി.എം.പി.യുടെ പുതിയ സ്റ്റാഫ്പാറ്റേൺ അംഗീകരിക്കുമ്പോൾ മൊത്തം ക്ലറിക്കൽ തസ്തികകളുടെ 5 ശതമാനം തസ്തികകൾ ടി കാലങ്ങളിൽ നിയമിച്ചിരുന്ന വികലാംഗർക്കായി സംവരണം ചെയ്യുന്നതിനും ടെസ്റ്റും ഇന്റർവ്യൂവും നടത്തി നിയമിക്കാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(സി & ഡി) സംവരണം ചെയ്യുന്ന തസ്തികകളുടെ എണ്ണത്തേക്കാൾ കൂടുതൽ പേർ ടി കാലയളവിൽ ജോലി ചെയ്തിട്ടുള്ളതിനാൽ അവരിൽനിന്നും ടെസ്റ്റും ഇന്റർവ്യൂവും നടത്തി മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

വയ്ക്കോൽ സംപുഷ്ടീകരണം

152 (1087) ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയ്ക്കോൽ സമ്പുഷ്ടീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി പ്രകാരം എത്ര ക്ഷീര കർഷകർക്ക് സഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം സഹായമാണ് ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യൂറിയ ഉപയോഗിച്ച് വയ്ക്കോൽ അഞ്ച് ശതമാനം മാംസ്യ (ഡി. സി. പി) സമ്പുഷ്ടമാക്കുന്ന പരിപാടി.

(സി) തൽവർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ഡി) യൂറിയ, റോസ്ക്യാൻ, പ്ലാസ്റ്റിക് ഷീറ്റ് എന്നിവ വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് അഞ്ഞൂറ് രൂപ ധനസഹായം ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly